പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1255

20.03.2012-ൽ മറുപടിയ്ക്ക്

## തലയോലപ്പറമ്പ് മാർക്കറ്റ് - മുളക്കുളം റോഡ്, ടോൾ - പാലാംകടവ് റോഡ് എന്നീ റോഡുകളുടെ പണികൾ

| ചോദ്യം<br>ശ്രീ.കെ. അജിത് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) വൈക്കം നിയോജകമണ്ഡലത്തിലെ തലയോലപ്പറമ്പ് മാർക്കറ്റ് - മുളക്കുളം റോഡ്, ടോൾ -പാലാംകടവ് റോഡ് എന്നീ റോഡുകളുടെ പണികൾ പൂർത്തിയാക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) തലയോലപ്പറമ്പ് മാർക്കറ്റ് - മുളക്കുളം - റോഡിന്റെ അതിർത്തി സംബന്ധിച്ച് ഒരു തർക്കം ഉണ്ടായതിനെ തുടർന്ന് അതിര് പുനർ നിർണ്ണയിക്കുന്നതിന് വേണ്ടി താലൂക്ക് സർവ്വേയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ച് കിട്ടുന്ന മുറയ്ക്ക് റോഡിന്റെ പണി തീർക്കുന്നതാണ്. ടോൾ പാലാം കടവ് റോഡിന്റെ കി.മീ.0/00 മുതൽ 0/800 ഉം 1/600 മുതൽ 2/600 ഉം വരെയുള്ള ഭാഗത്തിന്റെ പണിയ്ക്കുള്ള എഗ്രിമെന്റ് 10.3.2012-ൽ വച്ചിട്ടുണ്ട്. ഉടനെ പണി തുടങ്ങുന്നതാണ് |
| (ബി) പ്രസ്തുത റോഡുകളുടെ എത്ര ശതമാനം ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട് ; ഇതിന് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ; | (ബി) എഗ്രിമെന്റ് വച്ചിട്ടുള്ള വർക്കുകളിൽ കി.മീ.0/00 മുതൽ 5/225 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികളും 0/800 മുതൽ 1/600 വരെയുള്ള ഭാഗത്തിന്റെ Retaining പണികളും പൂർത്തിയായി. ഇതിന് 23 ലക്ഷം രൂപ ചെലവായിട്ടുണ്ട്.<br><br>കി.മീ. 0/00 മുതൽ 0/800 വരെയും 1/800 മുതൽ 2/800 വരെയുമുള്ള 2 വർക്കുകൾക്ക് 7.3.2012-ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ പണി തുടങ്ങിയിട്ടില്ല. |
| (സി) ഈ റോഡുകളുടെ ജോലികൾ പൂർത്തിയാക്കുന്നതിൽ ഏതെങ്കിലും കോൺട്രാക്ടർമാർ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമാണെന്നും അവർക്കെതിരെ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (സി) എ.ജെ. സൈമൺ എന്ന കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം വരുത്തിയിരുന്നു. കർശന നിർദ്ദേശത്തെ തുടർന്ന് ഫൈനോടു-കൂടിയാണ് കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുള്ളത്. |

(ഡി) മേൽ സൂചിപ്പിച്ച രണ്ട് റോഡുകളുടെ പണിയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) പരാതി ലഭിച്ചതായി കാണുന്നില്ല.

(ഇ) പ്രസ്തുത രണ്ട് റോഡുകളും എത്ര റീച്ചുകളായാണ് ടെണ്ടർ ചെയ്തതെന്നും ഓരോന്നിനും അനുവദിച്ച സമയം എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) തലയോലപ്പറമ്പ് മുളക്കുളം റോഡ് 4 റീച്ചുകളായി തിരിച്ചാണ് കരാർ നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. കി.മീ. 0/00 മുതൽ 0/400 വരെ -3 മാസം.
2. കി.മീ. 0/00 മുതൽ 0/180 വരെ - 3 മാസം.
3. കി.മീ. 0/180 മുതൽ 0/400 വരെ - 3 മാസം (ഡ്രെയിനേജ് വർക്ക്)
4. കി.മീ. 7/00 മുതൽ 9/060 വരെ - 3 മാസം.

ചെമ്പ് - പാലാംകടവ് റോഡ് 2 റീച്ചുകളായിട്ടാണ് കരാർ നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. കി.മീ.0/00 മുതൽ 0/800 വരെ -3 മാസം.
2. കി.മീ. 0/00 മുതൽ 3/600 വരെ - 3 മാസം.

കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് ഈ രണ്ട് റോഡുകളുടെ പണിയും പൂർത്തിയാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

(എഫ് ) കാലവർഷത്തിനു മുമ്പായി പണികൾ എല്ലാം പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ